പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3431 | 24.06.2013-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ തടയാൻ സംവിധാനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ.എൻ.എ. നെല്ലിക്കുന്ന് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സാധാരണക്കാർക്കിടയിൽപോലും മൊബൈൽ ഫോൺ ഉപയോഗം വ്യാപകമായ ഈ ഘട്ടത്തിൽ സൈബർ തട്ടിപ്പുകളിൽ അവർ ഇരയാകാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സൈബർ തട്ടിപ്പുകളെകുറിച്ചുള്ള മുന്നറിയിപ്പുകൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ നൽകുന്നുണ്ട്. കൂടാതെ ജനമൈത്രീ പോലീസ് സംവിധാനത്തിലൂടെയും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെയും കുടുംബശ്രീയൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഇത്തരം തട്ടിപ്പുകൾക്കെതിരെ ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും നടത്തുന്നുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ ശാസ്ത്രീയമായ അന്വേഷണം നടത്തി കർശന നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുന്നതിലും. കുറ്റവാളികളെ കണ്ടെത്തുന്നതിലും, സൈബർ തെളിവുകൾ വിലപ്പെട്ടതാവുന്ന സാഹചര്യത്തിൽ ഈ മേഖലയിലെ ആധുനിക സങ്കേതങ്ങളും ഉപകരണങ്ങളും ഉപയോഗപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും, കുറ്റവാളികളെ കണ്ടെത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിനായി പോലീസ് ഉദ്യോഗസ്ഥർക്ക് വിദഗ്ധ പരിശീലനം നൽകുന്നുണ്ട്. പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ